പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4928 04-07-2012 -ൽ മറുപടിക്ക്.

## മദ്യവിൽപനയും സർക്കാർ വരുമാനവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) രാജ്യത്തെ മദ്യപൻമാരുടെ എണ്ണത്തിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണുള്ളത്; | (എ) | ഇക്കാര്യത്തിലുള്ള സ്ഥിതി വിവരക്കണക്ക് എടുത്തിട്ടില്ല. |
| (ബി) ആളോഹരി എത്ര ലിറ്റർ മദ്യമാണ് കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കുന്നത്; | (ബി) | കേരളത്തിലെ ജനസംഖ്യ 3.34 കോടി എന്ന് നിജപ്പെടുത്തി, മദ്യത്തിന്റേയും, ബിയറിന്റേയും ഉപഭോഗം കണക്കാക്കിയാൽ, മദ്യം 6.52 ബൾക്ക് ലിറ്ററും, ബിയർ 2.28 ബൾക്ക് ലിറ്ററും ആണ് ആളോഹരി ഉപഭോഗം. |
| (സി) കഴിഞ്ഞ വർഷം എത്ര കെയ്സ് മദ്യമാണ് വിലപന നടത്തിയത്; ഒരു കെയ്സിൽ എത്ര കുപ്പി വീതമാണുള്ളത്; എത്ര കോടി രൂപയുടെ മദ്യം വിറ്റഴിക്കപ്പെട്ടു; വിശദമാക്കുമോ; | (സി) | 2011-12 സാമ്പത്തിക വർഷം, 241.78 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യവും, 97.82 ലക്ഷം കെയ്സ് ബിയറും, കെ.എസ്.ബി.സി. വഴി വില്പന നടത്തുകയുണ്ടായി. |

<u>ഒരു കെയ്സിൽ ഉൾപ്പെട്ടിട്ടുള്ള കുപ്പികളുടെ എണ്ണം.</u>

| (ഐ.എം.എഫ്.എൽ.) | | (ബിയർ) | |
|---|---|---|---|
| 1. 2250 മി.ലി. | - 4 | 1. 650 മി.ലി. | - 12 |
| 2. 1500 മി.ലി. | - 6 | 2. 330 മി.ലി. | - 24 |
| 3. 1000 മി.ലി. | - 9 | | |
| 4. 750 മി.ലി. | - 12 | | |
| 5. 500 മി.ലി. | - 18 | | |
| 6. 375 മി.ലി. | - 24 | | |
| 7. 180 മി.ലി. | - 48 | | |

2011-12 വർഷത്തിൽ, K.S.B.C.-യുടെ ആകെ വിറ്റുവരവ് 7860.12 കോടി രൂപയാണ്.

| | | |
|---|---|---|
| (ഡി) എക്സൈസ് വകുപ്പിന്റെ വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | (ഡി) | 2011-12 സാമ്പത്തിക വർഷത്തിൽ, വിവിധ നികുതി ഇനങ്ങളിലായി, എക്സൈസ് വകുപ്പിന്റെ വരുമാനത്തിൽ, മുൻവർഷത്തെ വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ, 10.80% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ, 31-05-2012 വരെ, 433.90 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇത് മുൻവർഷത്തെ വരുമാനത്തേക്കാൾ 9.9% കൂടുതലാണ്. |

| | | | |
|---|---|---|---|
| (ഇ) | കേരളത്തിന്റെ നികുതി വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് മദ്യവിൽപനയിലൂടെയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (ഇ) | കേരളത്തിന്റെ നികുതി വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് മദ്യവിൽപനയിലൂടെയല്ല. |
| (എഫ്) | മദ്യപൻമാരുടെ എണ്ണം കുറയ്ക്കുന്നതിനും മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും പുതുതായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | (എഫ്) | മദ്യവിപണനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, പുതിയ വിദേശമദ്യ എഫ്.എൽ.1 (ചില്ലറ വില്പനശാലകൾ) ഒന്നും പുതുതായി അനുവദിക്കുന്നതല്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുതിയ ബാറുകൾ അനുവദിക്കുന്നതിന് കർശനമായ നിബന്ധനകൾ ഏർപ്പെടുത്തുകയും, ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കുകയും ചെയ്തു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കി വരുന്നത്. |

സെക്ഷൻ ആഫീസർ